

# ജനകീയ പ്രശ്നങ്ങളും തെരഞ്ഞെടുപ്പും



**കെ.ആർ.അജിതൻ**

മൂലമ്പിള്ളി, ചക്കംകണ്ടം, ചെങ്ങറ, എരയാംകുടി, പ്ലാച്ചിമട, ലാലൂർ, മുരിയാട്, അതിരപ്പിള്ളി. മാധ്യമങ്ങളിൽ ഊഴം വച്ചു പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുന്ന സ്ഥലനാമങ്ങളാണിവയൊക്കെ. ദൈവത്തിന്റെ സ്വന്തം നാട്ടിൽ സ്വൈരജീവിതം നിഷേധിക്കപ്പെട്ട ചിലർ ഇവിടങ്ങളിൽ താമസിക്കുന്നു. മാധ്യമങ്ങൾ ശ്രദ്ധിയ്ക്കാത്ത, നീതിനിഷേധവും സാമൂഹ്യനീതിയും വിഷയമായ സമരങ്ങൾ നടന്നു വരുന്ന സ്ഥലങ്ങൾ ഇനിയുമുണ്ടാകാം. കുടിവെള്ളമുൾപ്പെടെയുള്ള പൗരാവകാശങ്ങൾ നിഷേധിക്കുന്ന അവസ്ഥാവിശേഷങ്ങൾ നമ്മുടെ നാട്ടിൽ പുതിയതല്ലല്ലോ. അവയെല്ലാം അക്കമിട്ടെടുത്ത് വിശകലനം ചെയ്യലല്ല ഏതായാലും ഇവിടെ ഉദ്ദേശിക്കുന്നത്. മനുഷ്യനായി ജനിച്ച് സാക്ഷരകേരളത്തിൽ അന്തസ്സായി ജീവിക്കാൻ നമുക്കെന്തുകൊണ്ടു കഴിയുന്നില്ല!

ഒരോ സമരവും അതിന്റെ സാഹചര്യങ്ങളും വ്യത്യസ്തമാണ്. കാരണങ്ങൾ വിഭിന്നമാണ്. സമരങ്ങളുടെ തയ്യാറെടുപ്പുകളും പുരോഗതിയും പലതരത്തിലാണ്. എന്നാൽ ഈ വൈരുദ്ധ്യങ്ങൾക്കിടയിലും ചില സമാനതകൾ തെളിഞ്ഞുവരുന്നുണ്ട്. വളരെ ശാന്തമായി കഴിഞ്ഞുകൂടിയിരുന്ന ഗ്രാമപ്രദേശങ്ങളിൽ, ഭരണപക്ഷം സ്വീകരിക്കുന്ന ചില നിലപാടുകളുടെ ഫലമായി ഒരു സുപ്രഭാതത്തിൽ ജീവിതം അസാദ്ധ്യമാകുന്നു എന്നതാണ് അതിലൊന്ന്. അതുവരെ സ്വന്തമെന്നു കരുതി അദ്ധ്വാനിച്ച് പരിപാലിച്ചിരുന്ന മണ്ണ്, വെള്ളം, വിളകൾ എന്നിവ പെട്ടെന്ന് അന്യമാകുന്നു. സ്വതവേ തന്നെ വേണ്ടതിലധികം വൈകാരികതയും സ്വകാര്യതയും സൂക്ഷിക്കുന്ന മലയാളിക്ക് ഈ അന്യവത്ക്കരണം താങ്ങാവുന്നതിലുമേറെയാണ്. അതോടെ എല്ലാം താറുമാറാകുന്നു. ആവശ്യങ്ങളുടെ സാംഗത്യം ബന്ധപ്പെട്ടവർക്കു മുന്നിൽ അവതരിപ്പിക്കാനും വിശദമാക്കുവാനുമുള്ള നെട്ടോട്ടമായി പിന്നെ. വോട്ടുബാങ്കുകളുടെ ഖജനാവു സൂക്ഷിപ്പുകാരായ അധികാരികളും രാഷ്ട്രീയപ്പാർട്ടികളുമുണ്ടോ ജനകീയ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നു! ഫലം തുടക്കത്തിലേ പോംവഴി കണ്ടെത്തി പരിഹരിയ്ക്കാമായിരുന്ന ഒരു സംഗതി ജനപ്രിയ പാർട്ടിക്കാർ ഏറ്റെടുത്ത് നാശമാക്കുന്നു. നിലപാടുകളുടെ സത്യസന്ധതയെ സംശയിക്കുമ്പോൾ ജനങ്ങൾ വളരെ യാദൃശ്ചികമായി സമരപ്പന്തലുകളിലേക്ക് എടുത്തെറിയപ്പെടുന്നു. അന്യഥാ സംഭവരഹിതമായ ഗൃഹാന്തരീക്ഷങ്ങളെ സമരതീക്ഷ്ണതയുടെ ഉൽകണ്ഠകൾ വിമ്മിഷ്ടപ്പെടുത്തുന്നു. വീട്ടിനുള്ളിലെ വ്യക്തിമനസ്സുകൾ ആകാംക്ഷയിൽപെട്ട് അകലം വർദ്ധിച്ച് ഭീതിയുടെ തമസ്സിൽ ഒതുങ്ങിക്കൂടുന്നു. വീടുകൾ തമ്മിൽ അലോസരങ്ങളും സ്പർദ്ധകളും പൊടിപിടിക്കുന്നു. സമരത്തിനിറങ്ങിയെന്ന ഒറ്റക്കാരണംകൊണ്ട് ഒരു പ്രദേശവും സമൂഹവും മുഴുവനായി രാജ്യത്തിന്റെ മൊത്തം വ്യക്തിത്വത്തിൽ നിന്നും ഒറ്റപ്പെടുന്നു. പുരോഗമനസ്വഭാവമുള്ള ഒരു സമൂഹത്തിന് അനുയോജ്യമാണോ ഇത്? എന്തുകൊണ്ടിങ്ങളെ സംഭവിയ്ക്കുന്നു?

കന്യാകുമാരി മുതൽ കാശ്മീർ വരെ ഇന്ത്യയിലങ്ങോളമിങ്ങോളമുള്ള ചെറുതും വലുതുമായ പ്രാദേശിക പ്രശ്നങ്ങളിൽ മുഴുവനും ഈ സമാനതകൾ നമുക്കു കാണാം. ഒരിയ്ക്കൽ ചെറിയൊരു സംഭവമായി രൂപപ്പെട്ട് ഭരണാധികാരികളുടെ ഒത്താശകളാൽ നീറിപ്പുകഞ്ഞ്, അവസാനം ഉത്തരം കണ്ടെത്താൻ ബുദ്ധിമുട്ടുന്ന ഇന്നത്തെ നിലയിലേക്കെത്തിയിട്ടുള്ളത് ഇപ്രകാരമാണ്. അണക്കെട്ടുനിർമ്മാണമായാലും സെസ്സായാലും സ്മാർട്ട് സിറ്റിയായാലും കുടിയിറക്കപ്പെടുന്നവൻ പെരുവഴിയാധാരം

തന്നെ. ബഹുരാഷ്ട്രക്കമ്പനിയുടെ വെള്ളമൂറ്റൽ തകർക്കുന്നത് അവന്റെ പൈതൃകമായ കൃഷിയിടത്തെയാണ്. അവനു നഷ്ടപ്പെടുന്ന ഭൂമിക്കും കണ്ണീരിനും സാന്ത്വനവുമായി (തുടക്കത്തിൽ) ഒരു വ്യവസ്ഥാപിത രാഷ്ട്രീയക്കാരനും എത്തുന്നില്ല. വാർഡ് മെമ്പർ തൊട്ട് പാർലിമെന്റംഗം വരെ ചിരിച്ചുകാട്ടി, പ്രശ്നത്തോട് പുറം തിരിഞ്ഞുനില്ക്കും.പിന്നീട്,ഒരിക്കലും തീർപ്പാക്കാനാവാത്ത സംഭവമാകുമ്പോൾ മാത്രമേ അവർ ഇടപെടൂ. അതാകട്ടെ പ്രശ്നത്തെ ഒന്നുകൂടി ആളിക്കത്തിക്കാൻ മാത്രം. രാജ്യത്തിന്റെ നാനാഭാഗത്തും ഇത്തരം പ്രശ്നങ്ങൾ നീറിപ്പുകഞ്ഞു നില്ക്കേണ്ടത് വോട്ടബാങ്ക് രാഷ്ട്രീയത്തിന്റെ പ്രാഥമികാവശ്യങ്ങളിലൊന്നാണ്.

ദേശീയ പാർട്ടികൾ വളർച്ചക്ക് വെള്ളവും വളവും കണ്ടെത്തുന്നത് ഈ വക പ്രാദേശിക അസ്വസ്ഥതകളിൽനിന്നുമാണ്. അവർ പ്രശ്നങ്ങളെ പരിപോഷിപ്പിച്ചു നിർത്തുന്നു. ബ്ലോക്കുകമ്മിറ്റകളിലും ഏരിയാ കമ്മിറ്റികളിലും ചൂടുചായ നുണഞ്ഞ് അവർക്ക് ലാഘവത്തോടെ അന്യരുടെ ജീവന്മരണപ്രശ്നങ്ങൾ ചർച്ച ചെയ്യാം. വോട്ടെടുപ്പടുക്കുമ്പോൾ പലതരം പോംവഴികൾ ജനങ്ങൾക്കു മുമ്പിൽ നിരത്തിവച്ച് വാഗ്ദാനങ്ങളുടേയും മാസ്റ്റർപ്ലാനുകളുടേയും പ്രലോഭനത്തിൽ അധികാരക്കസേരകളിലേക്ക് ജയിച്ചുകയറാം. വെള്ളവും മണ്ണും സ്വാതന്ത്ര്യവുമില്ലാതെ ജനം തെണ്ടിക്കൊള്ളട്ടെ. പൈതൃകനഷ്ടത്തിന്റെ വൈകാരികതയിൽ അവൾ ആഹുതി ചെയ്തുകൊള്ളട്ടെ. പ്രശ്നങ്ങളുടെ സമൂല പരിഹാരം മാത്രം ഇവിടെ നടക്കരുത്. ഒരു നിയമമുണ്ടാകുന്നത് സർക്കാർ ഒരു പദ്ധതി പ്ലാൻ ചെയ്യുന്നത്, സമൂഹത്തിലെ ഓരോ പൗരനും പുരോഗതിയുണ്ടാക്കണമെന്ന സദുദ്ദേശത്തോടെയായിരിക്കണം. ഇന്നത്തെ ജനാധിപത്യത്തിൽ ഈ പ്രാഥമിക നിയമമാണ് തീർത്തും നിരാകരിക്കപ്പെടുന്നത്. നമ്മുടെ ചുറ്റുമുണ്ടായിട്ടുള്ള കരി നിയമങ്ങളിൽപെട്ട് പെരുവഴിയിലായ ജനങ്ങൾ ഏറ്റെടുത്ത സമരങ്ങളുടെ ഗതിയും പെരുവഴിയിലായിരുന്നു എന്നു കാണാം. പ്രശ്നങ്ങളെ ലൈവാക്കി നിർത്തുക എന്നത് ഭരണപക്ഷത്തിന്റെ ആവശ്യമാണ്. ഈ കാലത്ത് ഇൻഫ്ളേഷൻ നിരക്ക് ഒരക്കത്തിൽ പിടിച്ചു നിർത്താനും വിവരസാങ്കേതികവിദ്യകൊണ്ട് അമ്മാനമാടാനും എന്തെളുപ്പം! സ്വാഭാവികമായ ഒരു ജനകീയ സമരത്തെ ഊതിപ്പെരുപ്പിച്ചു നിലനിർത്താനാണ് ഏറെ കഷ്ടപ്പാട്!!

അപ്പോൾ അന്തസ്സായി ജീവിക്കാൻ പറ്റാത്തതിന്റെ ഒരു കാരണം സമൂഹത്തിൽ അലിഞ്ഞു ചേർന്ന അധികാര രാഷ്ട്രീയത്തിന്റെ വിഷവായുവാണ്. രാവിലത്തെ പത്രം വായനക്കു ശേഷം സാധാരണക്കാരൻ പ്രകോപിതനാകുന്നത് കൈക്കൂലി/ വർഗ്ഗീയ രാഷ്ട്രീയത്തിന്റെ വിജയത്തിൽ സമനില നഷ്ടപ്പെടുന്നതുകൊണ്ടാണ്. ആത്മമിത്രങ്ങൾ തമ്മിലുള്ള സ്വകാര്യ സംഭാഷണത്തിൽ പോലും പരസ്പരവിരോധത്തിന്റെ വെടിയുണ്ടകൾ ചീറിപ്പായുന്നത് ജനകീയപ്രശ്നങ്ങളിൽ പാർട്ടി നിലപാടുകളുടെ തലനാരിഴകീറുമ്പോഴാണ്. പൊള്ളയായ പാർട്ടി രാഷ്ട്രീയത്തിന്റെ മാറാലകൾ ഇനിയുമെത്രകാലം നമ്മുടെ സമൂഹമനസാക്ഷിയെ വൃത്തികേടാക്കണം? ഇത്തരം രാഷ്ട്രീയ സാക്ഷരത നമ്മുടെ നാട്ടിലല്ലാതെ മറ്റെവിടെ കാണാനാ? വിദേശനയങ്ങളോ സൈദ്ധാന്തിക നിലപാടുകളോ ജനങ്ങൾക്ക് പ്രശ്നമേയല്ല. ഗ്രൂപ്പുകളിയെക്കുറിച്ചുള്ള നേതാവിന്റെ അവലോകനം കുടിവെള്ളം കാട്ടാത്തയാൾക്കും കിടുയൊഴിയ്ക്കപ്പെട്ടയാൾക്കും ആവശ്യമേയില്ല. ചോദ്യം രാഷ്ട്രീയക്കാരൻ ജനങ്ങൾക്കുവേണ്ടി , ജനകീയ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുമോ എന്നതാണ്.

കഴിഞ്ഞ പത്തിരുപതു വർഷങ്ങൾക്കിടയിൽ ശാസ്ത്ര സാങ്കേതികരംഗത്ത് വൻ കുതിച്ചുചാട്ടമാണ് ഉണ്ടായിട്ടുള്ളത്. തീർച്ചയായും ഈ പുരോഗതിയുടെ പ്രതിഫലനം നമ്മുടെ രാജ്യത്തേയും ഒരു പാട് മുന്നോട്ടുകൊണ്ടുപോയിട്ടുണ്ട്. വിവര സാങ്കേതിക രംഗമാണ് എല്ലാ മണ്ഡലങ്ങളേയും ഏകോപിപ്പിച്ചു നിർത്തുന്നത്. അറിവ് ഏറ്റവും മൂല്യമുള്ള ആസ്തിയായി മാറി. ഒപ്പം ആർക്കും അത് മൂടിവയ്ക്കാൻ പറ്റാത്തത്ര പരസ്യമായി ത്തീർന്നു. വിരൽത്തുമ്പുകൾ പരതിയാൽ ലോകത്തിന്റെ ഏതു കോണും തൊട്ടടുത്തു കാണാം. ആശയവിനിമയം ആരുമായും എപ്പോഴും നടത്താം. ഏതു രഹസ്യവും ശരിയായി എൻക്രിപ്റ്റു ചെയ്താൽ കോപ്പിയെടുത്ത സൂക്ഷിച്ചുവക്കാം. അപ്പോൾ വോട്ടെടുപ്പ് എന്നത് ഉത്സവമല്ലാതെ വരുന്നു. അന്നേ ദിവസം പൊതു അവധി നല്കാതെ തൊട്ടടുത്ത പോസ്റ്റ് ആഫീസിലോ വില്ലേജ് ആപ്പീസിലോ പോയി പരിചയപ്പെടുത്തൽ രേഖ കാണിച്ച് ബട്ടൺ അമർത്തി മടങ്ങാം. ഈ തെരഞ്ഞെടുപ്പ് മാമാങ്കത്തിന്റെയൊന്നും ഒരാവശ്യവുമില്ല. എന്തിനാണീ കെട്ടുകാഴ്ചകളും ആർഭാടവും പണച്ചെലവും? കൊടിത്തോരണങ്ങളും ചുമരെഴുത്തുകളും ഇതുപോലെയുള്ള കപട ജനാധിപത്യത്തിലേ സംഭവിയ്ക്കൂ. കുറേ മത്സ്യവർത്തികൾക്ക് ഇതൊക്കെ മുഖേനതടിച്ചുകൊഴുക്കാം. ഇങ്ങനെയുള്ള പരിസരമലിനീകരണവും മൈക്ക് പ്രചരണത്തിന്റെ ശബ്ദമാലിന്യവും ഉടനടി നിരോധിക്കണം.

അപ്പോൾ ജനകീയപ്രശ്നങ്ങളെ യാഥാർത്ഥ രാഷ്ട്രീയ സംഭവമാക്കാൻ നമ്മളെന്തു ചെയ്യണം? ജനകീയ സമരത്തിന്റെ കൂടെ നില്ക്കാത്ത നേതാവിനെരാഷ്ട്രീയക്കാരനെനിരാകരിയ്ക്കണം. നീചനായ വഞ്ചകനെപ്പോലെ ഒറ്റപ്പെടുത്തണം. അയാളെ തെരഞ്ഞെടുത്തയച്ച സഭയിൽനിന്നും തിരികെ വിളിയ്ക്കാനുള്ള സംവിധാനമുണ്ടാകണം. എങ്കിലേ മുഴുവൻ തെരഞ്ഞെടുപ്പുപ്രക്രിയകൾ പൂർത്തിയാകൂ. കൂടെകൂടെയുള്ള തെരഞ്ഞെടുപ്പും തിരിച്ചുവിളിയ്ക്കലും അതിനുള്ള ബോധവല്ക്കരണവുമൊന്നും സാങ്കേതികവിദ്യയുടെ മേൽപറഞ്ഞ പുരോഗതിമൂലം ഒരുപാട് സമയവും പ്രയത്നവും ആവശ്യപ്പെടുന്നില്ല. തൊട്ടടുത്ത ജനസേവനകേന്ദ്രത്തിൽ ഒരു ബില്ലാകുന്നതുപോലെ ലളിതമാണത്. ജനകീയ പ്രശ്നങ്ങളെ അടുത്തറിയുന്ന പ്രതിനിധി നിശ്ചയമായും കടന്നുവരികതന്നെ ചെയ്യും. തെരഞ്ഞെടുപ്പിനെഇത്രയും വർണ്ണശബളമായ പൂരപ്പറമ്പാക്കുന്നത് കപടജനപ്രേമികളാണ്. എല്ലാ രംഗങ്ങളിലും എല്ലാ വിഭാഗങ്ങളുടേയും ഏകോപനമാണ് രാജ്യപുരോഗതിയുടെ നെടുംതൂൺ.

വെള്ളത്തിൽ മീൻ പോലെ എന്നു പറയുന്നത് തെറ്റ്. രാഷ്ട്രീയക്കാരൻ ഇപ്പോൾ വെള്ളത്തിലെ പോത്തട്ടകളാണ്. സാധാരണക്കാരന്റെ കണ്ണീരും ചോരയുമൂറ്റുന്ന അട്ടകളെ ഉപ്പുതൊടുവിച്ച് അടർത്തിക്കളയുക.